**അനുമോദനം**

## ഓസ്കാർ അവാർഡ് ജേതാക്കൾക്ക് അനുമോദനം

മി. സ്പീക്കർ: ഓർഡർ... ഓർഡർ...

ഈ വർഷത്തെ ഓസ്കാർ അവാർഡുകളുടെ പ്രഖ്യാപനത്തിൽ മികച്ച ഡോക്യുമെന്ററി ഫിലിം വിഭാഗത്തിൽ ശ്രീ. കാർത്തികി ഗോൺസൽവസും ശ്രീ. ഗുനീത് മോംഗയും ചേർന്നൊരുക്കിയ 'ദി എലിഫന്റ് വിസ്പറേഴ്സ്' എന്ന ഷോർട്ട് ഫിലിം പുരസ്കാരം നേടിയിരിക്കുകയാണ്. ഇതോടൊപ്പം പ്രേക്ഷക ശ്രദ്ധ പിടിച്ചുപറ്റിയ 'ആർ ആർ ആർ' എന്ന ചിത്രത്തിൽ പ്രമുഖ സംഗീത സംവിധായകൻ ശ്രീ. എം. എം. കീരവാണി ഒരുക്കിയ, 'നാട്ടു നാട്ടു' എന്ന ഗാനത്തിനാണ് ഒറിജിനൽ സോങ് വിഭാഗത്തിൽ ഓസ്കാർ ലഭിച്ചിരിക്കുന്നത്.

ലോകത്തിന്റെ നെറുകയിൽ നമ്മുടെ രാജ്യത്തിന്റെ യശസ്സുയർത്തിയ പ്രതിഭകളെ കേരള നിയമസഭ മുക്തകണ്ഠം അഭിനന്ദിക്കുന്നു. ആദരവ് രേഖപ്പെടുത്തുന്നു. ഈ അപൂർവ്വ നേട്ടത്തിൽ എല്ലാ ഇന്ത്യക്കാർക്കുമുള്ള സന്തോഷത്തിൽ കേരള നിയമസഭയും പങ്കുചേരുന്നു.